LIBRARY ARCHIVES Kerala Legislative Assembly

താനൂർ ഭാഗത്ത് അപ്രോച്ച് റോഡ് നിർമ്മാണം

64 (674) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടിയെയും താനൂർ നിയോജകമണ്ഡലത്തിലെ താനൂരിനെയും ബന്ധിപ്പിക്കുന്ന കെട്ടുങ്ങൽ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ട് വർഷങ്ങളായെങ്കിലും താനൂർ ഭാഗത്ത് അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അപ്രോച്ച് റോഡിന്റെ നിർമ്മാണ പുരോഗതി വിശദീകരിക്കുമോ;

&

(സി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) തീരദേശ ഹൈവേയിൽ ഉൾപ്പെടുത്തി പുരോഗമിച്ചുവരുന്ന 150 മീറ്റർ വരുന്ന പ്രസ്തുത അപ്രോച്ച് റോഡിന്റെ എംബാങ്ക്മെന്റ് പ്രവൃത്തികൾ 70 ശതമാനവും റീറ്റെയിനിംഗ് വാൾ 90 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കളൻതോട് - കൂളിമാട് റോഡ് നവീകരണം

65(675) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന ഭരണാനുമതി ലഭ്യമാക്കിയ കളൻതോട് - കൂളിമാട് റോഡിന്റെ പ്രവൃത്തി കരാറുകാരൻ ഉപേക്ഷിച്ചു പോയതിനാൽ മുടങ്ങിക്കിടക്കുകയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കാൻ പുതുക്കിയ എസ്റ്റിമേറ്റിൽ കിഫ്ബിയുടെ അപ്രൈസൽ വിഭാഗം ചില നിർദ്ദേശങ്ങൾ നൽകുകയും അതനുസരിച്ച് എസ്റ്റിമേറ്റിൽ മാറ്റംവരുത്തി നൽകിയ ഡി.പി.ആർ. കിഫ്ബിയുടെ പരിശോധനയിലാണ്.